## ഭൂനയക്കമ്മിറ്റി റിപ്പോർട്ട്

*൯൯൯. (൩ ൦) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂ മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഭൂനയക്കമ്മറ്റിയുടെ റിപ്പോർട്ട് ഗവണ്മെണ്ടിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിനെക്കുറിച്ചുള്ള അന്തിമതീരുമാനം എന്നെടുക്കുമെന്നാണ് ഇപ്പോൾ കരുതുന്നത്?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) പറവാൻ നിവൃത്തിയില്ല.

*൯൫൩. (൩ ൧) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വേനനിർമ്മാണത്തിനു് ഇതുവരെ എന്തു ചെലവുവന്നിട്ടുണ്ട്;

(ബി) കടലോരപ്രദേശങ്ങളിൽനിന്നും ഏതെല്ലാം സ്ഥലങ്ങളാണ് ഇത്തവണ തെരഞ്ഞെടുത്തിട്ടുള്ളതു്?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉദ്ദേശം രൂപാ ൨,൦൦,൦൦൦.

(ബി)

| | | | |
|---|---|---|---|
| ൧. | ഏനായം (വിളപ്പംകോട്ട് താലൂക്ക്) | ൩ | വീടുകൾ |
| ൨. | വിഴിഞ്ഞം (തിരുവനന്തപുരം താലൂക്ക്) | ൨ | ,, |
| ൩. | കൊല്ലം (കൊല്ലം താലൂക്ക്) | ൧ | ,, |
| ൪. | ചെറിയഴീക്കൽ (കരുനാഗപ്പള്ളി) | ൨ | ,, |
| ൫. | അഴീക്കോട് (കൊടുങ്ങല്ലൂർ) | ൧ | ,, |
| ൬. | ഇടവിലങ്ങു (മുകുന്ദപുരം) | ൧൨ | ,, |
| ൭. | തേവര (കൊച്ചി-കണയന്നൂർ) | ൧൨ | ,, |
| ൮. | വൈക്കം (വൈക്കം താലൂക്ക്) | ൧ | ,, |
| | ആകെ | ൩൯ | ,, |

## താലൂക്കുകച്ചേരി ഉദ്യോഗസ്ഥനെപ്പറ്റിയുള്ള പരാതി

*൯൫൧. (൩൫) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കുന്നത്തുനാട് താലൂക്കച്ചേരിയിലെ ചില ഉദ്യോഗസ്ഥന്മാരെപ്പറ്റി വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) കുന്നത്തുനാട് താലൂക്കകച്ചേരിയിലെ അക്കൌണ്ട് സെക്ഷൻ ക്ലാർക്കിനെറ പേരിൽ ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ബി) അതു് അന്വേഷണത്തിൽ ഇരിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly